**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1800 | 18.06.2012 - ൽ മറുപടിക്ക്

**പെരുമ്പാവൂരിലെ പ്രകടനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |

(എ) 15.10.2011 -ന് പെരുമ്പാവൂരിൽ ഏതെങ്കിലും സംഘടനയുടെ പ്രകടനം പോലീസ് നിരോധിക്കുകയോ തടയുകയോ ചെയ്തിട്ടുണ്ടോ;

(എ) 15.10.2011 തീയതി പെരുമ്പാവുരിൽ പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യ എന്ന സംഘടന നടത്തുന്നതിന് തീരുമാനിച്ചിരുന്ന മേഖലാ സമ്മേളനത്തോടനുബന്ധിച്ചുള്ള റാലി ബഹു: ജില്ലാ കളക്ടർ നിയമ വിധേയമായി നിരോധിച്ചിട്ടുള്ളതാണ്. പ്രസ്തുത റാലി 15.10.2011 തീയതി പെരുമ്പാവൂർ THQ ഹോസ്പിറ്റൽ ജംഗ്ഷനിൽ വച്ച് നിയമവിധേയമായി തടഞ്ഞിട്ടുള്ളതാണ്.

(ബി) ഇതിനായി ഏതെല്ലാം ഉന്നത ഉദ്യോഗസ്ഥർ പെരുമ്പാവൂരിൽ എത്തി എന്നു വ്യക്തമാക്കുമോ;

(ബി) എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി പെരുമ്പാവൂരിൽ എത്തി നടപടികൾക്ക് നേതൃത്വം നൽകിയിരുന്നു.

(സി) പ്രകടനം നടത്തിയ ആരെയെങ്കിലും അറസ്റ്റ് ചെയ്തു കേസ് എടുത്തിട്ടുണ്ടോയെങ്കിൽ ഏത് വകുപ്പുപ്രകാരം; വിശദവിവരം അറിയിക്കുമോ;

(സി) പെരുമ്പാവൂർ ടൗണിൽ 15.10.2011 തീയതി പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യ പ്രവർത്തകർ ആഹ്വാനം ചെയ്ത റാലി നിയമവിധേയമായി നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് നിലവിലിരിക്കെ പ്രസ്തുത സംഘടനയുടെ സജീവ പ്രവർത്തകരായ 1 മുതൽ 438 വരെയുള്ള പ്രതികൾ കുറ്റകൃത്യങ്ങളിലേർപ്പെടാൻ സാദ്ധ്യതയുള്ളതെന്ന് കണ്ട് മുൻകരുതൽ എന്ന നിലയിൽ ടിയാന്മാരെ അറസ്റ്റ് ചെയ്തിട്ടുള്ളതും ഇതു സംബന്ധിച്ച് പെരുമ്പാവൂർ പോലീസ് സ്റ്റേഷൻ Crime No. 1673/11 U/S 151 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്.

| | | | |
|---|---|---|---|
| (ഡി) | കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വന്ന പ്രകടനക്കാരെ അതാതിട ങ്ങളിൽ തടയാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ഡി) | പെരുമ്പാവൂരിലെ വിവിധ ഭാഗങ്ങളിൽ വെച്ച് തടഞ്ഞിട്ടുള്ളതാണ്. |
| (ഇ) | പ്രസ്തുത സംഘടനയുടെ സമ്മേളന ത്തിനായി നഗരത്തിലാകെ ഉച്ചഭാഷിണി കൾ സ്ഥാപിച്ചിരുന്നത് പോലീസിന്റെ അനുവാദത്തോടെയാണോ; | (ഇ) | 15.10.2011 തീയതി പി എഫ് ഐ മേഖലാ സമ്മേളനത്തിന് സുഭാഷ് പാർക്കിൽ (മുൻസിപ്പൽ സ്റ്റേഡിയം പെരുമ്പാവൂർ) ഉച്ചഭാഷിണി ഉപയോ ഗിക്കുന്നതിന് പോലീസ് അനുവാദം നൽകിയിരുന്നതാണ്. പെരുമ്പാവൂർ ടൗണിൽ ഉച്ചഭാഷിണി ഉപയോഗി ക്കുന്നതിന് പോലീസ് അനുവാദം നൽകിയിട്ടില്ലാത്തതും അവർ ടൗണിൽ ഉച്ചഭാഷിണി ഉപയോഗിച്ചിട്ടില്ലാത്തതു മാണ്. |
| (എഫ്) | റൂറൽ എസ്.പി. ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥരെ പ്രകടനക്കാർ കൂകി വിളിച്ചും ഭീഷണിപ്പെടുത്തിയും തിരികെ പോകാൻ നിർബന്ധിതമാക്കിയ തിനെതിരെ എന്തു നടപടി സ്വീകരിച്ചു വെന്ന് വ്യക്തമാക്കുമോ? | (എഫ്) | ഇത്തരം സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Joseph

സെക്ഷൻ ഓഫീസർ